LIBRARY ARCHIVES Kerala Legislative Assembly

ലഭിക്കുന്ന ധനസഹായത്തിൽ കുറവ് വന്നിട്ടുണ്ട്. ഇപ്രകാരം ധനസഹായത്തിൽ വന്ന കുറവ് നികത്തുന്നതിന് ആവശ്യമായ തുക കൃഷി വകുപ്പിന്റെ ഫണ്ടിൽനിന്ന് ചെലവഴിക്കുന്നതിന് 1-4-2015 മുതൽ പ്രാബല്യത്തിൽ 29-9-2015-ലെ സ.ഉ.(കൈ) നമ്പർ 182/2015/കൃഷി പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(സി) കാർഷിക ബാങ്കുകൾക്ക് വായ്പ അനുവദിക്കുന്നതിൽ നബാർഡ് ഏർപ്പെടുത്തിയ വ്യവസ്ഥകൾമൂലം കാർഷിക വായ്പകൾ അനുവദിക്കുന്നതിൽ പ്രതിസന്ധി നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കുറ്റ്യാടി മണ്ഡലത്തിലെ നെൽകൃഷി പദ്ധതി

208 (1681) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വികസനവുമായി ബന്ധപ്പെട്ട് കുറ്റ്യാടി മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികളാണ് നടന്നുവരുന്നത് എന്നും ഓരോ പദ്ധതിയുടെയും അടങ്കൽ എത്രയെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ കൃഷി വകുപ്പ് നേരിട്ട് നടത്തുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും കെ.എൽ.ഡി.സി. നടത്തുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) അനുബന്ധം 1, 2 ആയി ചേർത്തിരിക്കുന്നു*.

പച്ചത്തേങ്ങ സംഭരണം

209 (1682) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഫെഡ് കർഷകരിൽനിന്നും എത്ര രൂപയ്ക്കാണ് പച്ചത്തേങ്ങ സംഭരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ ജൂലൈയിൽ കൊപ്ര വില ഉയർന്നപ്പോൾ വില പിടിച്ചുനിർത്താൻ 20 കോടി രൂപ കേരഫെഡിന് നൽകാൻ സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചിരുന്നോ ; എങ്കിൽ എത്ര കോടി രൂപ നൽകിയെന്ന് വെളിപ്പെടുത്തുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.